പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.960. 04.03.2020 ൽ മറുപടിയ്ക്ക്

## കള്ളുഷാപ്പ് അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ട് നൽകിയ നിവേദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി | | ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കരുമരക്കാടിലെ കള്ളുഷാപ്പ് അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് പരിസരവാസികൾ നൽകിയ നിവേദനത്തിന്മേൽ അന്വേഷണം നടത്താൻ മലപ്പുറം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയത് എന്നാണെന്ന് അറിയിക്കാമോ; | (എ) | വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ കരുമരക്കാടിലെ കള്ളുഷാപ്പ് അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് പരിസരവാസികൾ മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് നൽകിയ പരാതി അന്വേഷിക്കുവാൻ 21.10.2019 തീയതിയിൽ തന്നെ മലപ്പുറം അസിസ്റ്റൻറ് എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ മലപ്പുറം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും അന്വേഷണ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്താമോ; | (ബി) യും (സി) യും | ഈ വിഷയത്തിൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, മലപ്പുറം സ്പെഷ്യൽ സ്ക്വാഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എന്നിവർ മുഖാന്തിരം അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത രണ്ട് അന്വേഷണങ്ങളിലും ഷാപ്പ് സ്ഥാപിച്ചിരിക്കുന്നത് നിലവിലുള്ള അബ്കാരി നിയമത്തിലെ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ടാണെന്നും എന്നാൽ പ്രസ്തുത ഷാപ്പിനെതിരായി ശക്തമായ ജനവികാരം നിലനിൽക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>ടി ഷാപ്പ് പരാതികൾക്കിടവരാത്ത രീതിയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി മാറ്റി സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തിരൂരങ്ങാടി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്കും ലൈസൻസിക്കും മലപ്പുറം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രദേശത്തെ ജനവികാരം മാനിച്ച് പ്രസ്തുത കള്ളുഷാപ്പ് അടച്ചു പൂട്ടുന്നതിനു നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ